# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** **12.02.2013 ന് മറുപടിക്ക്**
**നമ്പർ 1876**

## മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ.ബാബു എം. പാലിശ്ശേരി :

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനു വേണ്ടി ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 2012 നവംബർ 1 മുതൽ "ഭരണഭാഷ-മാതൃഭാഷ" എന്ന വാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പല സർക്കാർ വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ബി) | ചില ജില്ലകളിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിന്നില്ല എന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | എറണാകുളം, കാസറഗോഡ്, പത്തനംതിട്ട ജില്ലകളിൽ ജില്ലാതല അവലോകന യോഗം നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെ-ത്തുടർന്ന് ആവശ്യമായ നിർദേശം നൽകുകയുണ്ടായി. എറണാകുളം, പത്തനതിട്ട ജില്ലകളിൽ ഔദ്യോഗിക ഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് നിർദേശം നൽകുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**